**പതിനാലാം കേരളനിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1230** 06/02/2020 ലെ മറുപടി

**പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധ്യാപക രക്ഷാകർതൃ സമിതികളുടെ പ്രവർത്തനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ഇ.എസ്.ബിജിമോൾ : | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധ്യാപക രക്ഷാകർതൃ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) അധ്യാപക രക്ഷാകർതൃ സംഘടനകളുടെ പ്രവർത്തനം സംബന്ധിച്ച് സർക്കാർ വ്യക്തമായ മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പി.റ്റി.എ. മീറ്റിംഗുകൾ യഥാസമയം വിളിച്ച് ചേർക്കുന്നതിനും, സ്കൂളിന്റെ പ്രവർത്തനങ്ങളിൽ പി.റ്റി.എ. യുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. |
| (ബി) പൊതുവിദ്യാഭ്യാസ മേഖലയിൽ ഉണ്ടായിട്ടുള്ള സമഗ്രമായ മുന്നേറ്റങ്ങളിൽ ക്രിയാത്മകമായി ഇടപെടുന്നതിന് അധ്യാപക രക്ഷാകർതൃ സമിതി അംഗങ്ങളെ പ്രാപ്തരാക്കാൻ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (ബി) രക്ഷാകർതൃപരിശീലനങ്ങൾ നടത്തി വരാറുണ്ട്. |
| (സി) പൊതുവിദ്യാഭ്യാസ മേഖലയുടെ അഭ്യുദയകാംക്ഷികളിൽ നിന്ന് പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പി.റ്റി.എ. അക്കൗണ്ടിലേയ്ക്ക് സംഭാവന പണമായി സ്വീകരിക്കുവാൻ അനുമതിയുണ്ടോ; ഇല്ലായെങ്കിൽ ഇത്തരത്തിൽ പണം സ്വീകരിക്കുവാനും ചിലവഴിക്കുവാനുമുള്ള വ്യക്തമായ ചട്ടങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) പി.റ്റി.എ. ഫണ്ട് പണമായി നൽകുന്നതിന് തടസ്സമില്ല. |

സെക്ഷൻ ഓഫീസർ